ദുർഗന്ധം വിഴുങ്ങുന്ന പോത്തൻകോട്

■ ജംഗ്ഷൻ നിറയെ കക്കൂസ് മാലിന്യം ■ വ്യാപാര സ്ഥാപനങ്ങൾ ദുരിതത്തിൽ

▸പി.സുരേഷ്ബാബു

പോത്തൻകോട്: കാലാവധി കഴിഞ്ഞു, പക്ഷേ കെ.എസ്.ടി.പി റോഡ് നവീകരണം ഇപ്പോഴും ഇഴയുകയാണ്. ആ ഇഴച്ചിലാകട്ടെ പോത്തൻകോടിനെ സദാ നാറ്റിക്കുകയാണിപ്പോൾ. മൂന്നര വർഷം മുമ്പ് തുടങ്ങിയ മാതൃക സുരക്ഷാ റോഡ് പദ്ധതിയുടെ ഭാഗമായി പൊളിച്ച ഓടകൾ നിറഞ്ഞതോടെയാണ് പോത്തൻകോട് ജംഗ്ഷനിലെ വ്യാപാര സ്ഥാപനങ്ങളിലേക്ക് മാലിന്യം ഒഴുകാൻ തുടങ്ങിയത്.

വീടുകളും വാണിജ്യ സ്ഥാപനങ്ങളും അനധികൃതമായി ഒഴുക്കിവിടുന്ന കക്കൂസ് മാലിന്യമുൾപ്പെടെയുള്ളവയാണ് പ്രദേശത്താകെ ദുർഗന്ധവും രോഗഭീതിയും പരത്തുന്നത്. പോത്തൻകോട് എം.ടി തിയേറ്ററിന് മുൻവശം മുതൽ ജംഗ്ഷനിലെ പതിനഞ്ചോളം കടകളിലേക്കാണ് മാലിന്യം ഒഴുകുന്നത്. ഇത് കാൽനടക്കാരെയും ബുദ്ധിമുട്ടിലാക്കുന്നു. വിവിധയിടങ്ങളിൽ നിന്ന് ജംഗ്ഷനിലെത്തുന്ന ഓടകളെ ബന്ധിപ്പിച്ച് മാലിന്യ നീക്കം ഊർജ്ജിതമാക്കാനാണ് പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ പാതിവഴിയിൽ നിർമ്മാണം നിലച്ചതോടെ ഇവിടുത്തുകാരുടെ കഷ്ടകാലവും തുടങ്ങി.

പോത്തൻകോട് പഞ്ചായത്ത് അധികൃതരും ഇവിടേക്ക് തിരിഞ്ഞു നോക്കുന്നില്ലെന്നാണ് നാട്ടുകാരുടെ പരാതി. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും പ്രശ്നം കണ്ടില്ലെന്നമട്ടാണ്. പോത്തൻകോട് - ചെമ്പഴന്തി - കഴക്കൂട്ടം ഭാഗത്തേക്കുള്ള ബസ് കാത്തിരിപ്പ് കേന്ദ്രം മലിനജലത്തിൽ മുങ്ങി ദുർഗന്ധം വമിക്കുകയാണ്.

ഇതുകാരണം ആളുകൾ മാറി നിന്നാണ് ബസിൽ കയറുന്നത്. മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉടനുണ്ടായില്ലെങ്കിൽ കടയടപ്പടക്കമുള്ള സമരങ്ങൾ നടത്തുമെന്നാണ് വ്യാപാരികൾ പറയുന്നത്.

പോത്തൻകോട് ജംഗ്ഷനിലെ പൊട്ടിയ ഓടകളിൽ നിന്ന് ഒഴുകിയെത്തുന്ന മലിന ജലം കടകൾക്കു മുന്നിൽ കെട്ടിക്കിടക്കുന്നു

> "ആഴ്ചകൾക്ക് മുമ്പ് പ്രശ്നം പോത്തൻകോട് പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി പരാതി നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് വകുപ്പും കെ.എസ്ടി.പിയുമാണ് നടപടിയെടുക്കേണ്ടതെന്നാണ് പഞ്ചായത്ത് നിലപാട്.
>
> -ആർ. പുരുഷോത്തമൻ നായർ, (വ്യാപാരി വ്യവസായി ഏകോപന സമിതി പോത്തൻകോട് യൂണിറ്റ് പ്രസിഡന്റ്)

KAUMUDI ALERT

നഗരത്തിൽ ഇന്ന് വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: പരുത്തിപ്പാറ സബ്സ്റ്റേഷന്റെ പരിധിയിൽ പോത്തൻകോട് പരുത്തിപ്പാറ 110 കെ.വി ഫീഡറിന്റെ ഫ്യൂസ് തകരാറിലായതുമൂലം തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും ഇന്നു രാവിലെ 6 മുതൽ വൈകിട്ട് 6 വരെ വൈദ്യുതി വിതരണം തടസപ്പെടും.
കൂടാതെ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ മണക്കാട് വൈദ്യുതി സെക്ഷനിലെ മേടമുക്ക്, ചിറമുക്ക് എന്നീ പ്രദേശങ്ങളിൽ നാളെ മുതൽ 21 വരെ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി മുടങ്ങും. കഴക്കൂട്ടം സെക്ഷനിലെ കഴക്കൂട്ടം ജംഗ്ഷൻ, കട്ടവിള, കുമിഴിക്കര, ഇലിപ്പക്കുഴി എന്നിവിടങ്ങളിലും പേയാട് സെക്ഷനിലെ ചന്തമുക്ക്, പള്ളിമുക്ക്, കാരാംകോട്ടുകോണം, കുന്നിൻ മുകളിൽ, കൊല്ലംകോണം, വാഴവിളാകം എന്നിവിടങ്ങളിലും നാളെ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി മുടങ്ങും.

വെൺപാലവട്ടം ക്ഷേത്രത്തിൽ മഹാ ദീപപ്രദക്ഷിണ പൂജ

തിരുവനന്തപുരം : വെൺപാലവട്ടം ശ്രീ ഭഗവതിക്ഷേത്രത്തിൽ സർവ്വൈശ്വര്യ സിദ്ധിക്കായി നടത്തുന്ന മഹാ ദീപപ്രദക്ഷിണ പൂജ ഇന്ന് രാവിലെ 9ന് ശ്രീദുർഗാ ഭഗവതി ക്ഷേത്ര സന്നിധിയിൽ ക്ഷേത്ര മേൽശാന്തിയുടെ മുഖ്യകാർമ്മികത്വത്തിൽ നടക്കും. 10ന് ദീപ പ്രദക്ഷിണവുംതുടർന്ന് കഷായ കലശാഭിഷേകവും ഉണ്ടായിരിക്കും. എല്ലാ ഭക്തജനങ്ങളും മഹാദീപ പ്രദക്ഷിണ പൂജയിൽ പങ്കെടുക്കണമെന്ന് ക്ഷേത്രട്രസ്റ്റ് ചെയർമാൻ ഡോ. ബിജു രമേശ് അഭ്യർത്ഥിച്ചു.

ചെമ്പഴന്തി സൗത്ത് ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം ചെമ്പഴന്തി സൗത്ത് ശാഖയുടെ വനിതാ സംഘത്തിന്റെ ആഭിമുഖ്യത്തിൽ മാസംതോറും നടത്തിവരുന്ന കുടുംബ ഐശ്വര്യ പ്രാർത്ഥനായോഗം ഇന്ന് വൈകിട്ട് 3.30ന് ഉദയഗിരി സി. ജയന്റെ (ലളിത ടീച്ചർ) വസതിയായ ശിവഗംഗയിൽ നടക്കും.

കല്ലിംഗൽ ശാഖ

കുളത്തൂർ: എസ്.എൻ.ഡി.പി യോഗം കല്ലിംഗൽ ശാഖയിലെ കുമാരി, കുമാര സംഘങ്ങളുടെ രൂപീകരണയോഗം ഇന്ന് നടക്കും. ശാഖാമന്ദിരത്തിൽ വൈകുന്നേരം 4.30 ന് പ്രസിഡന്റ് അരവിന്ദാക്ഷന്റെ അദ്ധ്യക്ഷതയിൽ കൂടുന്നയോഗം പത്രാധിപർ കെ. സുകുമാരൻ സ്മാരക തിരുവനന്തപുരം യൂണിയൻ കോ - ഓർഡിനേറ്റർ വെൺപാലവട്ടം ജി. സുരേഷ്കുമാർ ഉദ്ഘാടനം ചെയ്യും. പ്രസ്തുത ചടങ്ങിൽ എല്ലാശാഖാ അംഗങ്ങളും കുടുംബസമേതം പങ്കെടുക്കണമെന്ന് ശാഖാ സെക്രട്ടറി ടി. ഉദയകുമാർ അറിയിച്ചു.

അയിരൂപ്പാറ ശാഖ

പോത്തൻകോട്: എസ്.എൻ.ഡി.പിയോഗം അയിരൂപ്പാറ ശാഖയുടെ നേതൃത്വത്തിൽ വിശേഷാൽ ഗുരുപൂജ, സമൂഹ പ്രാർത്ഥന തുടങ്ങിയ ചടങ്ങുകളോടെ ചതയദിന പൂജ നടന്നു. ശാഖാ സെക്രട്ടറി കെ. സുരേഷിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ചടങ്ങുകളിൽ ശാഖാ ഭാരവാഹികളും നിരവധി ഗുരുദേവ ഭക്തരും പങ്കെടുത്തു. ശാഖയുടെ കീഴിൽ പ്രവർത്തിക്കുന്ന ഗുരുകൃപ കുടുംബ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വെള്ളിയാഴ്ച വൈകിട്ട് അയിരൂപ്പാറ കൊച്ചിറക്കം കല്യാണിയിൽ സഹദേവന്റെ വസതിയിൽ കുടുംബ പ്രാർത്ഥന സംഘടിപ്പിച്ചു. ചെമ്പഴന്തി ഗുരുകുലം യൂണിയൻ വനിതാസംഘം പ്രസിഡന്റ് ശുഭ, സെക്രട്ടറി പത്മിനി, ശാഖാ സെക്രട്ടറി കെ. സുരേഷ് തുടങ്ങിയവർ നേതൃത്വം നൽകി.

അരിയോട്ടുകോണം ശാഖ

പോത്തൻകോട്: എസ്.എൻ.ഡി.പി.യോഗം അരിയോട്ടുകോണം ശാഖയിൽ മാസംതോറും നടത്തിവരാറുള്ള ചതയ ദിന പൂജ നടന്നു. ശാഖയുടെ കീഴിൽ പ്രവർത്തിക്കുന്ന അരുവിപ്പുറം സ്വയംസഹായ സംഘത്തിന്റെ നേതൃത്വത്തിൽ നടന്ന ചതയദിനപൂജയിൽ ഗുരുപുഷ്പാഞ്ജലി, അർച്ചന, പ്രസാദവിതരണം, സമൂഹ പ്രാർത്ഥന തുടങ്ങിയവ സംഘടിപ്പിച്ചു. ശാഖാ സെക്രട്ടറി എ.സോമനാഥൻ, വൈസ് പ്രസിഡന്റ് എം.മധുസുദനൻ, വനിത സംഘം പ്രസിഡന്റ് ഗീതാകുമാരി, സെക്രട്ടറി ഗോപിക ഗോപൻ, യൂണിറ്റ് കൺവീനർ ഷീജ, മറ്റ് ഭാരവാഹികളായ കെ.അയ്യപ്പൻ, സി.സുധൻ, ജി.ശേഖരൻ തുടങ്ങിയവർ പങ്കെടുത്തു.

കല്ലിയൂരിൽ പ്രതിഷേധ ജാഥ

നേമം: ഹിന്ദു ഐക്യവേദി നേതാക്കൾ കെ.പി.ശശികല, ഭാർഗവറാം, ബി.ജെ.പി എസ്. ടി യുവമോർച്ച നേതാവ് സുധീർ എന്നിവരെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് ശബരിമല കർമ്മസമിതിയുടെ ആഭിമുഖ്യത്തിൽ കല്ലിയൂരിൽ പ്രതിഷേധ ജാഥ സംഘടിപ്പിച്ചു. കല്ലിയൂരിൽ നിന്നു ആരംഭിച്ച ജാഥ സമിതി ജനറൽ കൺവീനർ നിലാമ വിനോദ് ഉദ്ഘാടനം ചെയ്തു. കല്ലിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ.ജയലക്ഷ്മി, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പത്മകുമാർ, ബ്ലോക്ക് മെമ്പർമാരായ എം.വിനുകുമാർ, സതീശൻ, പഞ്ചായത്ത് അംഗങ്ങൾ ചന്തു കൃഷ്ണാ, രാജലക്ഷ്മി എന്നിവർ നേതൃത്വം നൽകിയ ജാഥ വെള്ളായണി ക്ഷേത്ര പരിസരത്ത് സമാപിച്ചു.

ചതയദിന അന്നദാനം

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം പത്രാധിപർ കെ. സുകുമാരൻ സ്മാരക തിരുവനന്തപുരം യൂണിയന്റെ ആഭിമുഖ്യത്തിൽ മാസംതോറും ചതയനാളിൽ മെഡിക്കൽ കോളേജ് എസ്.എ.ടിക്ക് മുൻപിൽ നടത്തിവരുന്ന സായാഹ്ന ഭക്ഷണവിതരണം യൂണിയൻ സെക്രട്ടറി ആലുവിള അജിത്തിന്റെ നേതൃത്വത്തിൽ നടന്നു. പോങ്ങുംമൂട് വയൽവാരം ഹോം നഴ്സിംഗാണ് സായാഹ്ന ഭക്ഷണം നേർച്ചയായി വിതരണം നടത്തിയത്. എസ്.എൻ.ഡി.പി യോഗം മൈക്രോ ഓഫീസർമാരായ അനീഷ് .എം.എ, മഹേഷ് .വി.ആർ. യൂണിയൻ ഭാരവാഹികളായ കെ.വി. അനിൽകുമാർ, ലേഖ സന്തോഷ്, ആർ.പി. തംബുരു, മണ്ണന്തല സി. മോഹനൻ, വടുവൊത്ത് പ്രസാദ്, കെ. ശ്രീകുമാർ, വിജയൻ കൈലാസ്, ആറ്റുകാൽ സുധ, തോട്ടം ഹേമമാലിനി, സിംലാ ശ്യാംലാൽ, വള്ളക്കടവ് മിനി, പോങ്ങുംമൂട് പ്രസന്ന എന്നിവർ പങ്കെടുത്തു.

അദ്ധ്യാപക ഒഴിവ്

നെടുമങ്ങാട് : കരകുളം ഗവണ്മെന്റ് വി. ആന്റ്. എച്ച്.എസ്.എസിൽ ഹൈസ്കൂൾ നാച്വറൽ സയൻസ് അദ്ധ്യാപകന്റെ താത്കാലിക ഒഴിവുണ്ട്. അഭിമുഖം 19ന് രാവിലെ 10ന് നടക്കും. യോഗ്യരായവർ അസൽ സർട്ടിഫിക്കറ്റുമായി പങ്കെടുക്കണമെന്ന് പ്രഥമാദ്ധ്യാപിക അറിയിച്ചു.

ശുചിത്വ പരിപാടി ഹരിതഭവനം

ബാലരാമപുരം: കേരളശാസ്ത്ര സാഹിത്യപരിഷത്ത് വെടിവെച്ചാൻകോവിൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വീടുകൾ വൃത്തിയുള്ളതും ആരോഗ്യകരവുമായി പരിപാലിക്കാനായി ഹരിതഭവനം പദ്ധതി നടപ്പാക്കുന്നു. മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വീടിന് ശാസ്ത്ര സാഹിത്യപരിഷത്ത് പുരസ്കാരവും നൽകും. പള്ളിച്ചൽ പഞ്ചായത്തിലെ പൂങ്കോട് വാർഡിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നത്. ഹരിതമിഷന്റെ വൃത്തി, വെള്ളം, വിളവ് എന്ന ആശയം ഉൾക്കൊണ്ടുകൊണ്ടാണ് ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടിക്ക് തുടക്കമിടുന്നത്. നാളെ ഉച്ചക്ക് 3ന് മുടവൂർപ്പാറ ദിലീപ് റോഡിൽ സ്വരജതി സ്കൂൾ ഓഫ് മ്യൂസിക്കിൽ സംഘാടകസമിതി യോഗം നടക്കും. വാർഡ് മെമ്പർ അംബികാദേവി, ശാസ്ത്ര സാഹിത്യ പരിഷത്ത് ശ്രീകുമാർ.കെ.ജി, സെക്രട്ടറി എം.ശിവാനന്ദൻ എന്നിവർ പങ്കെടുക്കും.

വെള്ളായണി ദേവീക്ഷേത്രത്തിലെ സി.സി ടിവി കാമറകളുടെ ഉദ്ഘാടനം കാമറ സംഭാവനയായി നൽകിയ കെ.എസ്. അരുൺകുമാർ നിർവഹിക്കുന്നു. നേമം എസ്.ഐ സജി, വാർഡ് മെമ്പർ മനോജ് കെ. നായർ, സബ്ഗ്രൂപ്പ് ഓഫീസർ മോഹനൻ നായർ, ക്ഷേത്ര ഉപദേശകസമിതി മുൻ പ്രസിഡന്റ് ചന്ദ്രശേഖരപിള്ള, ഹിന്ദുഐക്യവേദി കല്ലിയൂർ പഞ്ചായത്ത് പ്രസിഡന്റ് ബി. രാജശേഖരൻ നായർ, നിലമ വിനോദ് എന്നിവർ സമീപം

കുന്നുംപാറ ശ്രീസുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ പ്രതിഷ്ഠാ വാർഷിക സമ്മേളനം

കോവളം: വാഴമുട്ടം കുന്നുംപാറ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലെ 122-ാം പ്രതിഷ്ഠാവാർഷിക സമ്മേളനം കുന്നുംപാറ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം സെക്രട്ടറി സ്വാമി ബോധി തീർത്ഥ ഉദ്ഘാടനം ചെയ്തു. എസ്.എൻ.ഡി.പി യോഗം കോവളം യൂണിയൻ സെക്രട്ടറി ടി.എൻ. സുരേഷ് അദ്ധ്യക്ഷത വഹിച്ചു. ഡോ. പി. പല്പു സ്മാര യൂണിയൻ പ്രസിഡന്റും ആഘോഷ കമ്മിറ്റി ജനറൽ കൺവീനറുമായ ഉപേന്ദ്രൻ കോൺട്രാക്ടർ മുഖ്യ പ്രഭാഷണം നടത്തി. ഗുരുസാഗരം കോളമിസ്റ്റ് സജീവ്കൃഷ്ണൻ, എസ്.എൻ ട്രസ്റ്റ് അംഗം വി. സുധാകരൻ, സി. ഷാജിമോൻ, ടി. പ്രസന്നകുമാരി തുടങ്ങിയവർ സംസാരിച്ചു.

വാഴമുട്ടം കുന്നുംപാറ ശ്രീസുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലെ 122-ാം പ്രതിഷ്ഠാവാർഷിക സമ്മേളനം സ്വാമി ബോധി തീർത്ഥ നിലവിളക്ക് തെളിച്ച് ഉദ്ഘാടനം ചെയ്യുന്നു. കോവളം യൂണിയൻ സെക്രട്ടറി ടി.എൻ. സുരേഷ്. ഡോ. പി. പല്പു സ്മാരക യൂണിയൻ പ്രസിഡന്റും ആഘോഷ കമ്മിറ്റി ജനറൽ കൺവീനറുമായ ഉപേന്ദ്രൻ കോൺട്രാക്ടർ, സജീവ്കൃഷ്ണൻ, വി. സുധാകരൻ, തുടങ്ങിയവർ സമീപം

നവോത്ഥാനത്തിന്റെ പാരമ്പര്യം കോൺഗ്രസിന് മാത്രം: മുല്ലപ്പള്ളി രാമചന്ദ്രൻ

തിരുവനന്തപുരം : നവോത്ഥാനത്തിന്റെ പാരമ്പര്യം കോൺഗ്രസിന് മാത്രമാണെന്ന് കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു. ക്ഷേത്ര പ്രവേശനദിന വാരാചരണത്തിന്റെ ഭാഗമായി സമത്വ തത്വവാദ സംഘം ട്രസ്റ്റ് പ്രസ് ക്ലബിൽ സംഘടിപ്പിച്ച നവോത്ഥാന ദശകം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരള നവോത്ഥാനത്തിന്റെ ശില്പിയാണ് ശ്രീനാരായണ ഗുരു. അദ്ദേഹത്തിന് പകരമായി ആരുമില്ല. അയിത്തോച്ചാടനം നടപ്പാക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ച ടി.കെ. മാധവനെ പോലുള്ളവരെ ഇന്നത്തെ തലമുറ മാതൃകയാക്കണം- മുല്ലപ്പള്ളി പറഞ്ഞു.

ബി.എസ്. ബാലചന്ദ്രന്റെ അദ്ധ്യക്ഷതയിൽ മുൻ കെ.പി.സി.സി പ്രസിഡന്റ് എം.എം. ഹസൻ, ഡി. സുദർശനൻ, പ്രൊഫ. ജി. ബാലചന്ദ്രൻ, എൻ. സുബ്രഹ്മണ്യൻ, ആറ്റിങ്ങൽ അജിത്ത്, കെ.പി. ഹരിദാസ്, അഡ്വ. അനിൽ കുമാർ, നിർമ്മലാനന്ദൻ, അഡ്വ. കോവളം സുരേഷ്കുമാർ തുടങ്ങിയവർ പങ്കെടുത്തു.

വിമാനത്താവളത്തിൽ പാർക്കിംഗ് നിരോധിത സ്ഥലങ്ങളിൽ ബോർഡ് സ്ഥാപിക്കണമെന്ന് മനുഷ്യാവകാശ കമ്മിഷൻ

തിരുവനന്തപുരം: അന്താരാഷ്ട്ര വിമാനത്താവളത്തിൽ വാഹനങ്ങളുടെ പാർക്കിംഗ് അനുവദിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ പാർക്കിംഗ് പാടില്ലെന്ന് വ്യക്തമാക്കുന്ന ബോർഡുകൾ സ്ഥാപിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ആന്റണി ഡൊമിനിക് ഉത്തരവിട്ടു. എയർപോർട്ട് അതോറിട്ടി ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണം.

വാഹനാപകടത്തിൽ പരിക്കേറ്റ് ഗുരുതരാവസ്ഥയിലായ അമ്മയെ കാണാൻ ദുബായിയിൽ നിന്നു തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയ പെൺകുട്ടിയെ കൂട്ടിക്കൊണ്ടുപോകാൻ വന്ന വട്ടിയൂർക്കാവ് സ്വദേശി കേണൽ കെ. യോഹന്നാൻ നൽകിയ പരാതിയിലാണ് നടപടി. വിമാനത്താവളത്തിൽ മറ്റ് കാറുകൾ പാർക്ക് ചെയ്തിരുന്ന സ്ഥലത്ത് യോഹന്നാൻ തന്റെ കാറും പാർക്ക് ചെയ്തു. പെൺകുട്ടിയുമായി പെട്ടെന്ന് മടങ്ങിയെത്തിയപ്പോൾ തന്റെ വാഹനത്തിന്റെ വീൽ പൂട്ടിയിരിക്കുന്നത് കണ്ടു. പാർക്കിംഗ് പാടില്ലാത്ത സ്ഥലത്ത് പാർക്ക് ചെയ്തതിന് 3000 രൂപ നൽകണമെന്ന് ട്രാഫിക് കോൺസ്റ്റബിൾ ആവശ്യപ്പെട്ടു.

3000 രൂപ ഇല്ലാത്തതിനാൽ കാറെടുക്കാൻ കഴിഞ്ഞില്ല. എ.ടി.എം പ്രവർത്തനക്ഷമമായിരുന്നില്ല. മറ്റൊരു യാത്രക്കാരൻ തുക നൽകിയതുകൊണ്ടു മാത്രമാണ് കാർ എടുക്കാൻ കഴിഞ്ഞത്. പിഴ പിറ്റേന്ന് അടയ്ക്കാമെന്ന് എയർപോർട്ട് മാനേജരോട് പറഞ്ഞിട്ടും അനുവദിച്ചില്ലെന്നും താൻ കാർ പാർക്ക് ചെയ്തിരുന്ന സ്ഥലത്ത് പാർക്കിംഗ് പാടില്ലെന്ന ബോർഡുണ്ടായിരുന്നില്ലെന്നും പരാതിയിലുണ്ട്. നിയമപ്രകാരമാണ് പിഴ ഈടാക്കിയതെന്ന് എയർപോർട്ട് ഡയറക്ടർ കമ്മിഷനെ അറിയിച്ചു. എന്നാൽ വിമാനത്താവളത്തിൽ ആവശ്യാനുസരണം പാർക്കിംഗ് സൗകര്യമുണ്ടെന്ന വാദം കമ്മിഷൻ അംഗീകരിച്ചില്ല. പാർക്കിംഗ് സൗകര്യം ഉണ്ടെന്ന് പറയുമ്പോൾ മറ്റ് സ്ഥലങ്ങളിൽ പാർക്കിംഗ് പാടില്ലെന്ന് മനസിലാക്കാൻ കഴിയില്ലെന്ന് ഉത്തരവിൽ പറഞ്ഞു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള അഞ്ചുലക്ഷം രൂപയുടെ ഡി.ഡി ആയുർവേദ റിട്ട. മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. കെ. എം. മാധവൻ, നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണന് കൈമാറുന്നു. ഡോ. ഇ. ഗോവിന്ദൻ, ഡോ. എം. കുമാരൻ, ഡോ. കെ.കെ. സാവിത്രി എന്നിവർ സമീപം

ആയുർവേദ റിട്ട. മെഡിക്കൽ ഓഫീസേഴ്സ് അസോ. 5 ലക്ഷം രൂപ സംഭാവന നൽകി

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കേരള സ്റ്റേറ്റ് ഗവ. ആയുർവേദ റിട്ട. മെഡിക്കൽഓഫീസേഴ്സ്അസോസിയേഷൻ 5 ലക്ഷം രൂപ സംഭാവന നൽകി. അസോസിയേഷന്റെ ഈവർഷത്തെ സംസ്ഥാന സമ്മേളനം ഒഴിവാക്കിക്കൊണ്ട് അംഗങ്ങളിൽനിന്ന് സ്വരൂപിച്ച അഞ്ച് ലക്ഷം രൂപയുടെ ഡി.ഡി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. കെ.എം. മാധവൻ നിയമസഭ സ്പീക്കർ പി. ശ്രീരാമകൃഷ്ണന് കൈമാറി. സംസ്ഥാന ജോയിന്റ് സെക്രട്ടറി ഡോ. ഇ. ഗോവിന്ദൻ, ഡോ എം. കുമാരൻ, ഡോ. കെ.കെ. സാവിത്രി എന്നിവർ സംബന്ധിച്ചു.

ശാന്തിഗിരി ആരോഗ്യസംരക്ഷണ-ഗവേഷണ വിഭാഗം സംഘടിപ്പിച്ച ഏകദിന ആയുർവേദ സിദ്ധ പഠന ശിബിരം പട്ടം റോയൽ ബാങ്ക്വറ്റ് ഹാളിൽ സംവിധായകൻ മധുപാൽ ദീപം തെളിച്ച് ഉദ്ഘാടനം ചെയ്യുന്നു. ഡോ. വി.ബി. വിജയകുമാർ, സ്വാമി ഗുരുസവിദ് ജ്ഞാനതപസ്വി, സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി, സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, അസിസ്റ്റന്റ് ജനറൽ മാനേജർ എസ്. സേതുനാഥ് എന്നിവർ സമീപം

കാലാവസ്ഥ മോശം, യുദ്ധകപ്പൽ എത്തില്ല

വിഴിഞ്ഞം: വിഴിഞ്ഞത്ത് ഇന്ന് എത്താനിരുന്ന യുദ്ധകപ്പൽ ഐ.എൻ.എസ്. കൽപ്പേനി മോശം കാലാവസ്ഥയെ തുടർന്ന്

വിഴിഞ്ഞത്ത് അടുക്കില്ലെന്ന് തീരസംരക്ഷണ സേന അധികൃതർ അറിയിച്ചു.

ചുഴലിക്കാറ്റ് ഭീഷണിയും കടൽക്ഷോഭമുണ്ടാകുമെന്ന മുന്നറിയിപ്പിനെയും തുടർന്നാണ് യുദ്ധകപ്പലിന്റെ യാത്ര മാറ്റി വച്ചത്. ഇനി കപ്പൽ അടുക്കുന്ന തീയതി പിന്നീട് അറിയിക്കുമെന്ന് അധികൃതർ പറഞ്ഞു.

സി.പി.എം ജനമുന്നേറ്റ യാത്ര

ബാലരാമപുരം: സി.പി.എം കോവളം നിയോജക മണ്ഡലം കമ്മിറ്റി സംഘടിപ്പിക്കുന്ന ജനമുന്നേറ്റ യാത്ര തേമ്പാമുട്ടം ജംഗ്ഷനിൽ സി.പി.എം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ ഉദ്ഘാടനം ചെയ്തു. സി.പി.എം ജില്ലാ സെക്രട്ടറിയേറ്റ് അംഗം എൻ.രതീന്ദ്രന് അദ്ദേഹം പതാക കൈമാറി. ജാഥാ മാനേജർ പി.രാജേന്ദ്രകുമാർ അദ്ധ്യക്ഷത വഹിച്ചു. സി.പി.എം നേമം ഏര്യാ സെക്രട്ടറി പാറക്കുഴി സുരേന്ദ്രൻ, കോവളം ഏരിയാ സെക്രട്ടറി അഡ്വ. പി.എസ്.ഹരികുമാർ, നേതാക്കളായ പുല്ലുവിള സ്റ്റാൻലി എന്നിവർ സംസാരിച്ചു.

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ്: 3,5,9,13

കുളത്തൂർ കോലത്തുകര ശിവക്ഷേത്രത്തിൽ മഹാ ലക്ഷാർച്ചന കൂപ്പൺ വിതരണോദ്ഘാടനം

കുളത്തൂർ: ശ്രീനാരായണ ഗുരുദേവൻ രണ്ടാമത് ശിവ പ്രതിഷ്ഠ നടത്തിയ കുളത്തൂർ കോലത്തുകര ശിവ ക്ഷേത്രത്തിൽ നടക്കുന്ന മഹാലക്ഷാർച്ചന കൂപ്പണിന്റെ ആദ്യ വിതരണത്തിന്റെയും ഐ.പി.എസ് ലഭിച്ച ആർ. സുകേശനെ ആദരിക്കുന്ന സമ്മേളനത്തിന്റെയും ഉദ്ഘാടനം കോലത്തുകരയിൽ മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിച്ചു.

മേയർ വി.കെ. പ്രശാന്ത് അദ്ധ്യക്ഷത വഹിച്ചു. ചെമ്പഴന്തി ഗുരുകുലം സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ അനുഗ്രഹ പ്രഭാഷണം നടത്തി.

ആർ. സുകേശൻ, കൗൺസിലർമാരായ മേടയിൽ വിക്രമൻ, എസ്. ശിവദത്ത്, സുനിചന്ദ്രൻ, ആറ്റിപ്ര ജി. സദാനന്ദൻ, മൺവിള രാധാകൃഷ്ണൻ, കുളത്തൂർ അജയൻ, വി. സാംബശിവൻ, ജി. അജയകുമാർ, വിളയിൽക്കുളം അശോകൻ, എസ്.എസ്. സുധീഷ് കുമാർ, രാമഭദ്രൻ, കോലത്തുകര ക്ഷേത്ര സമാജം പ്രസിഡന്റ് എൻ. തുളസീധരൻ, സെക്രട്ടറി എസ്. സതീഷ്ബാബു, വൈസ് പ്രസിഡന്റ് അഡ്വ. എസ്. സതികുമാർ, പി.ആർ. പ്രവീൺ തുടങ്ങിയവർ പ്രസംഗിച്ചു.

കുളത്തൂർ കോലത്തുകര ശിവ ക്ഷേത്രത്തിൽ നടക്കുന്ന മഹാലക്ഷാർച്ചന കൂപ്പണിന്റെ ആദ്യ വിതരണോദ്ഘാടനചടങ്ങിൽ ഐ.പി.എസ് ലഭിച്ച ആർ. സുകേശനെ മന്ത്രി കടകംപള്ളി സുരേന്ദ്രൻ പൊന്നാട ചാർത്തുന്നു. മേയർ വി.കെ. പ്രശാന്ത്, സ്വാമി ശുഭാംഗാനന്ദ, മേടയിൽ വിക്രമൻ, എസ്. ശിവദത്ത്, സുനിചന്ദ്രൻ, ആറ്റിപ്ര ജി. സദാനന്ദൻ, മൺവിള രാധാകൃഷ്ണൻ, കുളത്തൂർ അജയൻ, വി. സാംബശിവൻ, ജി. അജയകുമാർ, വിളയിൽക്കുളം അശോകൻ, എസ്.എസ്. സുധീഷ്കുമാർ, രാമഭദ്രൻ, എൻ. തുളസീധരൻ, എസ്. സതീഷ്ബാബു, അഡ്വ. എസ്. സതികുമാർ, പി.ആർ. പ്രവീൺ തുടങ്ങിയവർ സമീപം.